(ബി) ഈ വില്ലേജുകളിലെ ഏതൊക്കെ സർവ്വേ നമ്പരിലുള്ള എത്രയൊക്കെ സ്ഥലങ്ങളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വില്ലേജ് തിരിച്ച് വിശദമാക്കാമോ ;

(സി) ഇതിന്റെ ഏറ്റെടുക്കൽ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിൽ മുഴുവൻ നീളം തെക്കുവടക്കായി പോകുന്ന ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഇതിന്റെ അലൈൻമെന്റ് ഉൾപ്പെടെ മറ്റ് വിശദാംശങ്ങളൊന്നും തീരുമാനമായിട്ടില്ല.

കുന്തിപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം

51 (1361) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്.213-ലുള്ള കുന്തിപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പാലത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്ത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കുന്തിപ്പുഴ പാലത്തിന്റെ ബലക്ഷമത പരിശോധിച്ചതിൽ പുനർനിർമ്മാണം ആവശ്യമുള്ളതായി കണ്ടില്ല. ചില അറ്റകുറ്റപ്പണികൾ ആവശ്യമായി കണ്ടതിനെ തുടർന്ന് ടി പണിക്കായി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിച്ച ശേഷം അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നിലമ്പൂർ ബൈപാസ് റോഡ്

52 (1362) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിലമ്പൂർ ബൈപാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തി അടിയന്തിരമായി തുടങ്ങുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly